**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2273** **06-07-2022 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഇന്റഗ്രേഷൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഇന്റഗ്രേഷൻ നടപടികളുടെ നിലവിലെ സ്ഥിതിവിവരം വിശദമാക്കാമോ; | (എ) | ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് 2022 ഫെബ്രുവരി 19 മുതൽ നിലവിൽ വന്നിട്ടുണ്ട്. തിരുവനന്തപുരം നന്തൻകോട് സ്വരാജ് ഭവനിൽ ഏകീകൃത വകുപ്പിന്റെ പ്രിൻസിപ്പൽ ഡയറക്ടേറ്റ് നിലവിൽ വരികയും പ്രിൻസിപ്പൽ ഡയറക്ടറെ നിയമിക്കുകയുമുണ്ടായി. മറ്റിടങ്ങളിൽ പ്രവർത്തിച്ചിരുന്ന ഓഫീസുകൾ ഉൾപ്പെടെ സ്വരാജ് ഭവനിലേക്ക് മാറ്റി 5 വകുപ്പുകളും ഒറ്റക്കുടക്കീഴിലാക്കി. ഏകീകൃത വകുപ്പിന്റെ ജില്ലാമേധാവിയായി തദ്ദേശ സ്വയംഭരണ വകുപ്പിലെ ഒരു ജോയിന്റ് ഡയറക്ടറെ നിയോഗിക്കുകയും ഓരോ ജില്ലയിലെയും ബന്ധപ്പെട്ട സീനിയർ മോസ്റ്റ് ഉദ്യോഗസ്ഥരെ ജോയിന്റ് ഡയറക്ടറുടെ താൽക്കാലിക ചുമതല നൽകി നിയമിക്കുകയും ചെയ്തു.<br><br>വകുപ്പ് ഏകീകരണം യാഥാർത്ഥ്യമായതോടെ നിലവിലുള്ള പഞ്ചായത്ത് രാജ് ആക്ട്, മുൻസിപ്പാലിറ്റി ആക്ട്, ടൗൺ പ്ലാനിംഗ് ആക്ട് എന്നിവയുമായുള്ള വൈരുദ്ധ്യം ഒഴിവാക്കുന്നതിനും നിയമപ്രാബല്യത്തിനും വേണ്ടി 2022 ലെ തദ്ദേശസ്വയംഭരണ പൊതുസർവീസ് ഓർഡിനൻസ് (2022 ലെ അഞ്ചാം നമ്പർ) തീയതി 31.03.2022 പുറപ്പെടുവിച്ചു.<br><br>പൊതു സർവ്വീസിന്റെ ഭാഗമായി അധിക തസ്തികകൾ സൃഷ്ടിച്ചും നിലവിലെ തസ്തികകൾ അപ്ഗ്രേഡ് ചെയ്തും 25.06.2022- ലെ സ.ഉ(കൈ)നം.134/2022/എൽഎസ്ജിഡി പ്രകാരം ഉത്തരവായിട്ടുണ്ട്.<br><br>ഏകീകൃത വകുപ്പിന്റെ സ്റ്റേറ്റ് സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും വിശേഷാൽ ചട്ടങ്ങൾ അംഗീകരിച്ചിട്ടുണ്ട്. ആയത് SRO |

| | | | |
|---|---|---|---|
| | | | നോട്ടിഫിക്കേഷനായി ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഇന്റഗ്രേഷൻ നടപടി പൂർത്തിയാക്കുന്നതിന് കാലതാമസമുണ്ടാകുമോ; വിവരം ലഭ്യമാക്കാമോ? | (ബി) | ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് 2022 ഫെബ്രുവരി 19 മുതൽ നിലവിൽ വന്നിട്ടുണ്ട്. തിരുവനന്തപുരം നന്തൻകോട് സ്വരാജ് ഭവനിൽ ഏകീകൃത വകുപ്പിന്റെ പ്രിൻസിപ്പൽ ഡയറക്ടേറ്റ് നിലവിൽ വരികയും പ്രിൻസിപ്പൽ ഡയറക്ടറെ നിയമിക്കുകയുമുണ്ടായി. മറ്റിടങ്ങളിൽ പ്രവർത്തിച്ചിരുന്ന ഓഫീസുകൾ ഉൾപ്പെടെ സ്വരാജ് ഭവനിലേക്ക് മാറ്റി 5 വകുപ്പുകളും ഒറ്റക്കുടക്കീഴിലാക്കി. ഏകീകൃത വകുപ്പിന്റെ ജില്ലാമേധാവിയായി തദ്ദേശ സ്വയംഭരണ വകുപ്പിലെ ഒരു ജോയിന്റ് ഡയറക്ടറെ നിയോഗിക്കുകയും ഓരോ ജില്ലയിലെയും ബന്ധപ്പെട്ട സീനിയർ മോസ്റ്റ് ഉദ്യോഗസ്ഥരെ ജോയിന്റ് ഡയറക്ടറുടെ താൽക്കാലിക ചുമതല നൽകി നിയമിക്കുകയും ചെയ്തു.<br><br>വകുപ്പ് ഏകീകരണം യാഥാർത്ഥ്യമായതോടെ നിലവിലുള്ള പഞ്ചായത്ത് രാജ് ആക്ട്, മുൻസിപ്പാലിറ്റി ആക്ട്, ടൗൺ പ്ലാനിംഗ് ആക്ട് എന്നിവയുമായുള്ള വൈരുദ്ധ്യം ഒഴിവാക്കുന്നതിനും നിയമപ്രാബല്യത്തിനും വേണ്ടി 2022 ലെ തദ്ദേശസ്വയംഭരണ പൊതുസർവീസ് ഓർഡിനൻസ് (2022 ലെ അഞ്ചാം നമ്പർ) തീയതി 31.03.2022 പുറപ്പെടുവിച്ചു.<br><br>പൊതു സർവ്വീസിന്റെ ഭാഗമായി അധിക തസ്തികകൾ സൃഷ്ടിച്ചും നിലവിലെ തസ്തികകൾ അപ്ഗ്രേഡ് ചെയ്തും 25.06.2022-ലെ സ.ഉ(കൈ)നം.134/2022/എൽഎസ്ജിഡി പ്രകാരം ഉത്തരവായിട്ടുണ്ട്.<br><br>ഏകീകൃത വകുപ്പിന്റെ സ്റ്റേറ്റ് സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും വിശേഷാൽ ചട്ടങ്ങൾ അംഗീകരിച്ചിട്ടുണ്ട്. ആയത് SRO നോട്ടിഫിക്കേഷനായി ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ